**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1448** **01-02-2024 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടെ നിയമനാംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ കൃത്യമായ സർക്കുലറും നിർദ്ദേശവുമുണ്ടായിട്ടും വിദ്യാലയങ്ങളിൽ നിയമന അംഗീകാരം നൽകുന്നതിൽ ഉപജില്ല ജില്ലാതലങ്ങളിൽ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സത്വര ഇടപെടൽ നടത്താമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>എയ്ഡഡ് വിദ്യാലങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് കെ.ഇ.ആർ പ്രകാരമുള്ള വ്യവസ്ഥകൾ, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട്, മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ സമയബന്ധിതമായി നിയമനാംഗീകാരം നൽകുന്നതിന് പൊതു നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകി വരുന്നുണ്ട്. നിയമനാംഗീകാരം സംബന്ധിച്ച അവലോകനയോഗങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ നടത്തിവരുന്നുണ്ട്. കൂടാതെ, വിദ്യാഭ്യാസ ഓഫീസർമാർക്ക് എല്ലാ വർഷവും നൽകിവരുന്ന പരിശീലന പരിപാടിയിൽ നിയമനാംഗീകാരം ഒരു പ്രത്യേക മൊഡ്യൂൾ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ